മരച്ചീനി സഹകരണസംഘങ്ങൾ.

*270. [26] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗവണ്മെൻറ് സ്റ്റീമനുസരിച്ച് കപ്പ് വിലയ്ക്കു വാങ്ങുന്നതിനു് എത്ര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ സഹകരണസംഘങ്ങൾ എന്തെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 194 കപ്പുസഹകരണസംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തു. നിലവിലുള്ളതിൽ മൂന്നു സംഘങ്ങൾ മരച്ചീനി സഹകരണസംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പെടെ 197 സംഘങ്ങൾ പ്രവർത്തനത്തിലുണ്ട്.

(ബി) കപ്പ വിലക്കുവാങ്ങി ഗവണ്മെൻറിലേക്കു വിൽക്കുന്ന ജോലിയാണ് ഇവ ആദ്യമായി ഏറ്റെടുത്തതു്.

പാഠപുസ്തകങ്ങൾ.

*271. [28] ശ്രീ. കെ. പി. ഹോർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറിസ്കൂളുകൾ തുറന്നു വളരെ ദിവസങ്ങളായിട്ടും, പാഠപുസ്തകങ്ങൾ ലഭിക്കാത്തതിനാൽ, പഠിച്ചു തുടങ്ങുന്നതിനു കാലതാമസം വരുന്നു എന്നുള്ള സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടുകയുണ്ടായോ ;

(ബി) പാഠപുസ്തകങ്ങൾ സമയത്തിനു വിതരണം ചെയ്യാൻ സാധിക്കാതെ വന്നതു് എന്തുകൊണ്ടാണ് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ, ബി) പ്രൈമറിസ്കൂളുകളിലേക്കാവശ്യമുള്ള മിക്ക പുസ്തകങ്ങളും പള്ളിക്കൂടം തുറക്കുന്നതിനു മുമ്പുതന്നെ വിതരണം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ മുഴുവൻ പുസ്തകങ്ങളുടെ അച്ചടിയും ഗവണ്മെൻറ് പ്രസ്സുകളിൽതന്നെ ചെയ്യുവാനുള്ളതിനാലും കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് കൂടുതൽ പുസ്തകങ്ങൾ വേണ്ടിവന്നതിനാലും ചില പുസ്തകങ്ങളുടെ കാര്യത്തിൽ ആവശ്യമുള്ളിടത്തോളം എണ്ണം തയ്യാറാക്കുന്നതിനു് അല്പം കാലതാമസം നേരിടുകയുണ്ടായി.

അദ്ധ്യാപക ഫെഡറേഷൻ പാസ്സാക്കിയ പ്രമേയം.

*272. [30] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) എഡ്യൂക്കേഷൻ അഡൈ്വസറി ബോർഡിലും ടെക്സ്റ്റ് ബുക്കുകമ്മിറ്റിയിലും അംഗീകൃതമായ അദ്ധ്യാപക സംഘടനാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ആ സമിതികളെല്ലാം പുനഃസംഘടിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സക്കാർ സ്കൂൾ അദ്ധ്യാപക ഫെഡറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

വാർഷിക പൊതുയോഗത്തിൽ പാസ്സാക്കിയ പ്രമേയം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തെങ്കിലും തീരുമാനം ഗവണ്മെൻറ് എടുത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

മരച്ചീനി സഹകരണ സംഘങ്ങൾ.

*273. [31] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിന്റെ മരച്ചീനി പദ്ധതി അനുസരിച്ച് എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ സംഘങ്ങൾവഴിയായി എത്രമാത്രം കപ്പ കർഷകരിൽനിന്നും ഇതിനകം വിലയ്ക്കെടുത്തിട്ടുണ്ട് ;

(സി) വാങ്ങിയ കപ്പയിൽ വെള്ളക്കപ്പയെത്ര; വാട്ടുകപ്പയെത്ര?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) പുതിയതായി 194 മരച്ചീനി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു. നിലവിലിരുന്ന മൂന്നു സഹകരണസംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പെടെ ഇപ്പോൾ 197 മരച്ചീനി സഹകരണ സംഘങ്ങൾ പ്രവർത്തനത്തിലുണ്ട്.

(ബി) ഈ സംഘങ്ങൾവഴിയായി 9794 ടൺ, 3 ഹ. 2 കാ. 27 പൗണ്ട് ഉന്നക്കിയ മരിച്ചീനി ഗവണ്മെൻറ് വിലയ്ക്കെടുത്തു.

(സി) വാങ്ങിയകപ്പയിൽ 9130 ടൺ 17 ഹ. 2 കാ. 22 പൗണ്ട് വാട്ടുകപ്പയും, 663 ടൺ 6 ഹ. 5 പൗണ്ട് വെള്ളക്കപ്പയുമാണ്.

Recommendations to the Planning Commission.

*274. [33] SHRI P. V. AVIRA THARAKAN: Will the Minister for Planning and Development be pleased to state:

(*a*) the recommendations made by the Government to the Planning Commission regarding the Industries;

(*b*) Out of the recommendations which are rejected;

(*c*) the number of employment Government expect in the next Five Year Plan ?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) † A list of industries which this Government have recommended to the Planning Commission for inclusion in the Second Five Year Plan is laid on the table of the House.

† Please see Appendix vI.

LIBRARY ARCHIVES Kerala Legislative Assembly